


(ഹൃദ്രോഗ ചികിത്സ മേധാവി
ഡോ. ജയകുമാറിനൊപ്പം നന്ദകുമാർ )

ജനനം മുതൽ ഹൃദ്രോഗത്തോടൊപ്പം ജീവിച്ച നന്ദകുമാർ, കാൽനൂറ്റാണ്ടോളം ചികിത്സക്ക് ശേഷം, ഹൃദയമാറ്റ ശസ്ത്രക്രിയ അദ്ദേഹത്തിന് സ്വപ്നം മാത്രമായി. എന്നാൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ശസ്ത്രക്രിയ ചെലവു മുഴുവനും ഏറ്റെടുത്തപ്പോൾ പ്രതീക്ഷ തെളിഞ്ഞു. 2020 ആഗസ്റ്റ് 14ന് ദാതാവിന്റെ ഹൃദയം ലഭിച്ചു. ഇന്ന് നന്ദകുമാർ സാധാരണ ജീവിതത്തിലേക്ക് മടങ്ങിയെത്തിയിരിക്കുകയാണ് കാരുണ്യയുടെ കരുതലിൽ പുതുജീവിതം നേടി.




(ജീനത്തും കുടുംബവും )

AB PM JAY KASP പദ്ധതിയുടെ പോർട്ടബിലിറ്റി സേവനത്തിലൂടെ സൗജന്യ ചികിത്സ ലഭ്യമാക്കി.

32 കാരിയായ ജീനത്തിന്, ആറു ശസ്ത്രക്രിയകളുടെ ഭാരവും രോഗങ്ങളുടെ വേദനയും കഴിഞ്ഞും പ്രതീക്ഷ കൈവിടേണ്ടി വന്നിരുന്നില്ല. AB PM-JAY KASP പോർട്ടബിലിറ്റി സേവനം വഴിയായി, കേരളവും ഝാർഖണ്ഡും കൈകോർത്തപ്പോൾ, എല്ലാ തടസ്സങ്ങളും മറികടന്ന് കാർഡ് പുതുക്കി. 2023 മാർച്ച് 13ന് ആലപ്പുഴ മെഡിക്കൽ കോളേജിൽ മിട്രൽ വാൽവ് ശസ്ത്രക്രിയ വിജയകരമായി പൂർത്തിയായി. ഇന്നവർ കുടുംബത്തോടൊപ്പം ജീവിതത്തിലേക്ക് മടങ്ങിയിരിക്കുകയാണ് കേരളത്തിന്റെ കാരുണ്യത്തിന്റെ കരുതലോടെ.

## അവാർഡുകളും അംഗീകാരങ്ങളും

- ഹെൽത്ത്കെയർ എക്സലൻസ് അവാർഡ് 2020 – എലൈറ്റ്സ് ഹെൽത്ത്കെയർ ട്രാൻസ്ഫോർമേഷൻ സമ്മിറ്റ് : (പ്രോജക്റ്റ് : AB PMJAY KASP-bp-am-bn- KBFന്റെ സംയോജനം)
- ഗവേണൻസ് നൗ ഡിജിറ്റൽ ഇന്നൊവേഷൻ ഫോർ ഹെൽത്ത്കെയർ ട്രെയിനിംഗ് – നാലാമത് ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് 2020 (പ്രോജക്റ്റ് AB PMJAY KASP-bp-am-bn- KBFന്റെ സംയോജനം).
- APAC ഹെൽത്ത്കെയർ ഇംപാക്റ്റ് അവാർഡ് 2022 – നാലാമത് ഹെൽത്ത് ടെക് ഇന്നൊവേഷൻ കോൺക്ലേവ് – (പ്രോജക്റ്റ്: ഹെൽത്ത്കെയർ മേഖലയിലെ നേതൃത്വപരമായ പങ്ക്)
- ആരോഗ്യ മന്തൻ 2021 ആയുഷ്മാൻ ഉത്കൃഷ്ടത പുരസ്കാരം ഏറ്റവും ഉയർന്ന ആശുപത്രിവാസ നിരക്കുള്ള മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനം (വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ)
- ആരോഗ്യ മന്തൻ 2022 ആയുഷ്മാൻ ഉത്കൃഷ്ടത പുരസ്കാരം ഏറ്റവും മികച്ച സ്കീം (AB PM-JAY) വിനിയോഗത്തിന് മികച്ച പ്രകടനം നടത്തുന്ന സംസ്ഥാനം (വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ)
- ഇൻഡിഗ്ലോബൽ ഹെൽത്ത് കെയർ സമ്മിറ്റ് 2022 – കാരുണ്യ ബെനവലന്റ് ഫണ്ട് (കെബിഎഫ്) പദ്ധതിക്ക് കേരള സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുള്ള എക്സലൻസ് അവാർഡ്.
- ആരോഗ്യ മന്തൻ 2023 ആയുഷ്മാൻ ഉത്കൃഷ്ടത അവാർഡ്.

  a) PM-JAY (ഒക്ടോബർ 2022 മുതൽ സെപ്തംബർ 2023 വരെ) പദ്ധതിയിൽ നൂതന ആശയങ്ങൾ നടപ്പിലാക്കിയതിന്. (കാഴ്ചപരിമിതർക്കായുള്ള ആരോഗ്യ ഇൻഷുറൻസ് കാർഡിന് ദേശീയ അംഗീകാരം)

  b) AB PM- JAYക്ക് കീഴിൽ 1000 ഗുണഭോക്താക്കൾ ഏറ്റവും കൂടുതൽ കിടക്കകൾ എംപാനൽ ചെയ്ത സംസ്ഥാത്തിനുള്ള അവാർഡ്.

  c) AB PM-JAY KASP ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള അവാർഡ് (വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ).

  d) അർഹരായ 90% നു മുകളിൽ കുടുംബങ്ങൾക്കും ഒരു ആയുഷ്മാൻ കാർഡ് എങ്കിലും ഉറപ്പാക്കിയ സംസ്ഥാനം

  e) AB PM-JAY KASP പ്രകാരം അനുവദിച്ച തുക പൂർണ്ണമായും വിനിയോഗം നടത്തിയ സംസ്ഥാനത്തിനുള്ള അവാർഡ്.

- ഗവേണൻസ് നൗ പിഎസ്യു ഐടി അവാർഡുകൾ 2023 മികച്ച ഐ.ടി സംവിധാനം നടപ്പാക്കൽ (ആരോഗ്യകിരണം പദ്ധതിയുടെ ഡിജിറ്റലൈസേഷൻ) എന്ന വിഭാഗത്തിന് കീഴിൽ.
- ഇ - ഗവേണൻസ് അവാർഡുകൾ

  a) ഡിജിറ്റൽ പ്രോസസ്സ് റീ എഞ്ചിനീയറിംഗ് വിഭാഗത്തിൽ രണ്ടാം സ്ഥാനം

  b) ഇ - സിറ്റിസൺ സർവീസ് ഡെലിവറി ആൻഡ് എം ഗവേണൻസ് വിഭാഗത്തിൽ മൂന്നാം സ്ഥാനം.

  (ഇ - ഗവേണൻസ് രംഗത്തെ നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിക്കാനായി സംസ്ഥാന സർക്കാർ നൽകുന്ന അവാർഡുകൾ)

**സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി
സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
എംപാനൽ ചെയ്തിരിക്കുന്ന
ആശുപത്രികളുടെ വിവരങ്ങൾ അറിയുന്നതിനായി**

**ക്യു ആർ കോഡ് സ്കാൻ ചെയ്യുക**

**പദ്ധതികളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും
സംശയങ്ങൾക്കും വിളിക്കൂ...**

**1056/104**

**State Health Agency Kerala (SHA),**
5th and 8th Floor, Artech Meenakshi Plaza,
Opposite Government Women And Children's Hospital
Thycaud, Thiruvananthapuram, 695 014
Ph. No. 0471 4063121, 04712960221

sha.kerala.gov.in    statehealthagencyk



സ്റ്റേറ്റ് ഹെൽത്ത് ഏജൻസി

# കരുതലിന്റെ കേരളം




# സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA)

കേരളത്തിലെ സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കുടുംബങ്ങൾക്കായി. ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കിക്കൊണ്ട് സമഗ്ര ആരോഗ്യ പരിരക്ഷ കൈവരിക്കുന്നതിനും വിവിധ ആരോഗ്യ പരിരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി സംസ്ഥാന ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന് കീഴിൽ രൂപം നൽകിയ സ്ഥാപനമാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA).

## സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ നടപ്പിലാക്കി വരുന്ന പദ്ധതികൾ

- കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP)
- കാരുണ്യ ബെനവലന്റ് ഫണ്ട് (KBF)
- ആരോഗ്യകിരണം (AK)
- ശ്രുതിതരംഗം

## സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ഘടന





## സംസ്ഥാന ഓഫീസ്: തിരുവനന്തപുരം
## District Implementation Unit- 14 ജില്ലകളിൽ

**EHCP & കിയോസ്ക്**

സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ചെയ്തിരിക്കുന്ന ആശുപത്രികളാണ് EHCP. എല്ലാ ECHP കളിലും പദ്ധതികളുടെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി കിയോസ്കുകൾ പ്രവർത്തിക്കുന്നുണ്ട്.

# കരുതലിന്റെ കൈത്താങ്ങ്




*data as of July 31, 2025*

## നാൾവഴികൾ

സംസ്ഥാനത്ത് 2008ലാണ് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി ആരംഭിക്കുന്നത്. സമഗ്ര ആരോഗ്യ പരിരക്ഷ കൈവരിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കപ്പെട്ടു. സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ ഭാഗമായി ആർ എസ് ബി വൈ, ചിസ്, ചിസ് പ്ലസ്, കേന്ദ്ര സർക്കാർ ആയുഷ്മാൻ ഭാരത് പദ്ധതിയുടെ കീഴിൽ രൂപം നൽകിയ പ്രധാന മന്ത്രി ജൻ ആരോഗ്യ യോജന, എന്നീ പദ്ധതികൾ ഏകീകരിച്ചു രൂപം നൽകിയ സമഗ്ര ആരോഗ്യ പരിരക്ഷാ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി.

**2008** — **Implementation of RSBY**
- Total 11.7 lakh families covered
- INR 30K cover/family per year
- Implementation by MoLE

**2010** — **Launch of CHIS & Chis Plus**
- Add. Beneficiary families cov. Based on the income criteria
- Add. Financial coverage INR 70K.
- Implementation by MoLE

**2019** — **Launch of KASP**
- 1st April Launch of KASP in allianz with AB PM-JAY
- RSBY, CHIS and opt. out SECC beneficiary families covered
- INR 5 Lakh per family per year coverage

**2020** — **Assurance mode of implementation**
- KASP – PM JAY implementation in assurance mode
- Establishment of SHA under DoHFW
- INR 5 Lakh per family per year coverage

**2020-21** — **Convergence & Integration**
- Convergence with KBF Scheme
- Proposal submitted for Comprehensive Trauma Care Plan
- Public –Private Partnership for Covid 19 Management.
- COVID-19 management for Non-KASP Beneficiaries
- Management of Pvt. sector Covid 19 vaccination

**2021-22** — **Convergence & Integration**
- Convergence with SHA Kerala
- Allocated 22 crore rupees for implementing the scheme
- Defined packages under KASP
- Centralised control of the overall scheme
- Convergence with AB-PM JAY IT System

**2023-24** — **Convergence & Integration**
- Convergence with Sruthitharangam Scheme
- Provides free cochlear implantation surgery as well as auditory verbal habitation
- Scheme covered children in age group of 0-5 years, who are hearing impaired.
- INR 5.20 Lakh per patient coverage

## കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (KASP)

അർഹരായ കുടുംബങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ ഉറപ്പാക്കുന്ന പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (KASP). ആരോഗ്യ കുടുംബക്ഷേമ വകുപ്പിനു കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേനയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നത്

## കാരുണ്യ ബെനവലന്റ് ഫണ്ട് (KBF)

സംസ്ഥാനത്തെ 3 ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള, കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ അംഗ ങ്ങളല്ലാത്ത കുടുംബങ്ങൾക്കായി നൽകി വരുന്ന ആരോഗ്യ ക്ഷേമ പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട് (KBF).

## ആരോഗ്യകിരണം (AK)

18 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പു വരുത്തുന്ന പദ്ധതിയാണ് ആരോഗ്യകിരണം.

## ശ്രുതിതരംഗം

ഗുരുതരമായ ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് സൗജന്യ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയും അനുബന്ധ സേവ നങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് 'ശ്രുതിതരംഗം'.

## സമഗ്ര ആരോഗ്യ പരിരക്ഷ

കേരളം സമഗ്ര ആരോഗ്യ പരിരക്ഷ (Universal Health Coverage) കൈവരിക്കുന്നതിനുള്ള അടുത്ത ഘട്ടത്തിലേക്ക് കടക്കുകയാണ്. 2008ൽ ആരംഭിച്ച CHIS മുതൽ AB PM-JAY / KASP വരെയുള്ള യാത്രയിൽ ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് സർക്കാർ സൗജന്യ ചികിത്സ ഉറപ്പാക്കി.

നിലവിലെ പരിരക്ഷാ പദ്ധതികളിൽ ഉൾപെടാത്ത “മിസ്സിംഗ് മിഡിൽ” ജനസംഖ്യയെ തിരിച്ചറിയുകയും, ആരോഗ്യ പരിരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നതിന് ഭാവി പ്രവർത്തനങ്ങളിൽ മുൻഗണന നൽകുന്നു




14കാരിയായ ചാവക്കാട് സ്വദേശിനി അനുഷ്കയ്ക്ക് കരുതലായി ആരോഗ്യകിരണം പദ്ധതി. ആന്തരിക രക്തസ്രാവത്തെ തുടർന്ന് ചികിത്സയിലിരിക്കെ മസ്തിഷ്കമരണം സംഭവിച്ച കൊല്ലം കുഴിത്തുറയിലെ അധ്യാപിക ഡാലിയ ടീച്ചറുടെ ഹൃദയം, കുടുംബത്തിന്റെ സമ്മതത്തോടെ ശ്രീചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻറ് ടെക്നോളജിയിൽ മാറ്റി വച്ചു. സങ്കീർണ്ണവും ചെലവേറിയതുമായ ശസ്ത്രക്രിയ, ഇൻസ്റ്റിറ്റ്യൂട്ടിന്റെ വൈദഗ്ധ്യവും ആരോഗ്യകിരണം പദ്ധതിയുടെ കരുതലും ചേർന്നപ്പോൾ, അനുഷ്കയ്ക്ക് പുതുജീവൻ.